"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കാശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ശ്രീമതി. സുജാത. എസ്- ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1508/2026/H&FWD തീയതി, തിരുവനന്തപുരം, 24-04-2026

---

പരാമർശം:-
1. ശ്രീമതി. സുജാത. എസ് സമർപ്പിച്ച 31.05.2021 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.04.2026 തീയതിയിലെ ഡി.എച്ച്.എസ്/6911/2026-എംആർ.6 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക് ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ശ്രീമതി. സുജാത. എസ്-ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ MRD No.2215915 പ്രകാരം Kimuras disease Lymphoma Lymphanitis lower limb ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട് 06.11.2020 മുതൽ 01.04.2021 വരെയുള്ള കാലയളവിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകാനുമതി ആവശ്യമാണെന്നും അനുവദനീയമായ തുക Rs.1,35,935/- (ഒരു ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപയാണെന്നും പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോന്നി താലൂക്ക് ആശുപത്രിയിലെ അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീമതി. സുജാത. എസ്.-ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 06.11.2020 മുതൽ 01.04.2021 വരെയുള്ള കാലയളവിൽ ആകെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച 1,35,935/- രൂപയുടെ 80% തുകയായ 1,08,748/- രൂപ (ഒരു ലക്ഷത്തി എട്ടായിരത്തി എഴുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം).
ശ്രീമതി. സുജാത. എസ്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II, താലൂക്ക് ആശുപത്രി, കോന്നി, പത്തനംതിട്ട (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കോന്നി, പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ലോൺസ്) വകുപ്പ് (16.05.2025 തീയതിയിലെ 3062652: LNS-L8/80/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി - (F2/96/2026-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 24-04-2026 16:15:26